**ഭരണഭാഷ മാതൃഭാഷ**

ഇ.മെയിൽ: dmekerala@gmail.com
ഫോൺ: (ഓഫീസ്) : 2528575
2444270
ഗ്രാം: 'DIRMEDEN'
ഡയറക്ടർ :244401.

കേരള സർക്കാർ

മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

മെഡിക്കൽ കോളേജ്. പി.ഒ,
തിരുവനന്തപുരം - 695 011

---

നം.ബി6/1401/2016/മെ.വി.വ
തീയതി : 28.07.2016

## പത്രക്കുറിപ്പ്

**ഡിപ്ളോമ ഇൻ ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സ് 2016 -17**
**പട്ടികജാതി പട്ടിക വർഗ വിഭാഗത്തിൽ പെട്ടവർക്കുമാത്രം**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജുകളിൽ നടത്തുന്ന ഡിപ്ളോമ ഇൻ ജനറൽ നഴ്സിംഗ് ആന്റ് മിഡ് വൈഫറി കോഴ്സിലേയ്ക്ക് 2016 -17 ലേക്കുള്ള പ്രവേശനത്തിനായി അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ പ്ളസ്ടുവിന് ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾ എടുത്ത് പാസ്സായവരായിരിക്കണം. പ്ളസ്ടു വൊക്കേഷണൽ എ.എൻ.എം കോഴ്സ് പാസ്സായ വിദ്യാർത്ഥികളേയും പരിഗണിക്കാവുന്നതാണ്.

അപേക്ഷകർ 2016 ഡിസംബർ 31 ന് 17 വയസ്സ് പൂർത്തിയാക്കുന്നവരും 35 വയസ്സ് കഴിയാത്തവരും ആയിരിക്കണം

മൂന്നു ശതമാനം സീറ്റ് 40 % മുതൽ 50 % വരെ ശാരീരിക വൈകല്യമുള്ളവർക്ക് സംവരണം ചെയ്തിട്ടുണ്ട്.

അപേക്ഷഫോറം 2016 ആഗസ്റ്റ് '17 ' ആം തീയതി മുതൽ സെപ്റ്റംപർ '7'ആം തീയതി വരെ 100 രൂപ നിരക്കിൽ സംസ്ഥാനത്തെ സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പാൾമാരുടെ ഓഫീസിൽ നിന്നും ലഭ്യമാണ് (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ). തപാൽ മാർഗ്ഗം അപേക്ഷ ലഭിക്കണമെന്നുള്ളവർ 150 രൂപയുടെ മണിയോർഡർ സഹിതം അതാത് പ്രിൻസിപ്പാളിന്റെ ഓഫീസിൽ 2016 സെപ്റ്റംപർ '3' ആം തീയതി അഞ്ചുമണിക്കകം ലഭിക്കത്തക്കവിധത്തിൽ അയയ്ക്കേണ്ട

താണ്. പൂരിപ്പിച്ച അപേക്ഷകൾ 2016 സെപ്റ്റംപർ '26' ആം തീയതിയ്ക്ക് മുൻപായി തിരുവനന്തപുരത്തുള്ള മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ ലഭിക്കേണ്ടതാണ്. വൈകി കിട്ടുന്നതും നിർദ്ദിഷ്ട രീതിയിൽ പൂരിപ്പിക്കാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ അപേക്ഷ ഫോറത്തോടൊപ്പം ലഭിക്കുന്ന പ്രോസ്പെക്ടസിൽ ലഭ്യമാണ്. ഈ ഓഫീസുമായി ബന്ധപ്പെടുവാനുള്ള ടെലഫോൺ നംപർ: 0471 – 2528575

ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ

പകർപ്പ് :
1) പട്ടികജാതി വികസന ഡയറക്ടറേറ്റ് , തിരുവനന്തപുരം
2) പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ് , തിരുവനന്തപുരം
3) ആദിവാസി മഹാസഭ, ആദിവാസി ഭവൻ, വിതുര
4) ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
5) പ്രിൻസിപ്പാൾ സർക്കാർ നഴ്സിംഗ് കോളേജ് , തിരുവനന്തപുരം/ആലപ്പുഴ കോട്ടയം/തൃശ്ശൂർ/ കോഴിക്കോട്
6) ഡി.എം.ഇ/ ജെ.ഡി.എം.ഇ (എം&ജി)/ജെ.ഡി.എൻ.ഇ എന്നിവരുടെ സി.എ മാർക്ക്
7) നോട്ടീസ് ബോർഡ്
8) സർജന്റ്.